റിപ്പോർട്ട് നൽകുകയാണ് ധനകാര്യ ഇൻസ്പെക്ഷൻ നോൺ ടെക്നിക്കൽ വിംഗിന്റെ പ്രവർത്തനം. ഇതുസംബന്ധിച്ച് പൊതു ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേലും, പത്ര വാർത്തകളിന്മേലും, ഭരണ വകുപ്പ് അന്വേഷണം ആവശ്യപ്പെടുന്ന മറ്റു പരാതികളിന്മേലും, ഓംബുഡ്സ്മാൻ ചുമതലപ്പെടുത്തുന്ന വിഷയങ്ങളിലും ഇൻസ്പെക്ഷൻ വിംഗ് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നുണ്ട്. സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് വാഹന പരിശോധന നടത്തുന്നതിനും ധനകാര്യ ഇൻസ്പെക്ഷൻ വിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിലുള്ള സർക്കാർ ഓഫീസുകളിൽ പരിശോധന നടത്തി ക്രമക്കേടുകൾ സർക്കാരിന് റിപ്പോർട്ടു ചെയ്യുന്നതാണ് ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ സ്കാഡിന്റെ ചുമതല.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ വിവിധ മരാമത്തു പണികളിലെ ക്രമക്കേടുകളെ സംബന്ധിച്ചു ലഭിക്കുന്ന പരാതികളിൽ മിന്നൽ പരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് നൽകുകയാണ് ധനകാര്യ ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗ് ചെയ്യുന്നത്.

(ബി) 680

(സി) ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യാൻ ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന് അധികാരമില്ല.

(ഡി) ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടുകളിന്മേൽ നടപടി കൈക്കൊള്ളുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്.

സ്പോർട്സ് നിയമം

10 (*545) ശ്രീ. എൻ. രാജൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമഗ്രമായ ഒരു സ്പോർട്സ് നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ : ഉണ്ടെങ്കിൽ എന്നു മുതലാണ് ആ നിയമം നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമതലം മുതൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ ഗ്രാമതലത്തിലുൾപ്പെടെ എത്ര കൗൺസിലുകൾ ഇതുവരെ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഗ്രാമതലം മുതലുള്ള കായിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) ഉണ്ട്. 3-12-2003 മുതൽ.

(ബി) ഉണ്ട്. 2000-ലെ സ്പോർട്സ് ആക്ട് 47-ാം വകുപ്പു പ്രകാരം കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

(സി) ഇതിനുള്ള നടപടി എടുത്തുവരുന്നു.

ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപോഷണത്തിനും നടപടി

11 (*546) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലാശയങ്ങളെല്ലാം വ്യാപകമായി മലിനീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നതിനാൽ ഇവയിലെ മത്സ്യ സമ്പത്ത് നാൾക്കുനാൾ നശിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫിഷറീസ് വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കാമോ ;

(സി) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും പരിപോഷണത്തിനും വേണ്ടി തന്നാണ്ടിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ലക്ഷ്യമിട്ടിരുന്നു ; ഇക്കാര്യത്തിൽ ഉണ്ടായ പുരോഗതി വിശദമാക്കുമോ ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും യു.എൻ. ഡി.പി-യുടെയും സഹായത്തോടെ നടത്തിയ പഠന റിപ്പോർട്ടുകളിൽ ഇന്ത്യയിലെ ഭൂരിഭാഗം തണ്ണീർത്തടങ്ങളും മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. 14 സംസ്ഥാനങ്ങളിലെ 174 തണ്ണീർതടങ്ങളിൽ നിന്നായി ശേഖരിച്ച മുഴുവൻ സാമ്പിളുകളിലും ഖര വസ്തുക്കളുടെയും ഘനലോഹങ്ങളുടെയും സാന്നിധ്യമുള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) പൊതു ജലാശയങ്ങളിൽ വ്യാപകമായി മലിനീകരണം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 20-4-2004-ലെ സ.ഉ. (സാധാ) 151/2004/ മ.തു.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളിലേയും മലിനീകരണം തടയുന്നതിന് സത്വര നടപടിയെടുക്കാൻ ഈ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജലമലിനീകരണം തടയുന്നതിനും മത്സ്യാവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും നിയമനിർമ്മാണം നടത്തുവാൻ മത്സ്യമേഖലാ വികസന പരിപാലന നയം 2004-ൽ തീരുമാനം എടുത്തിട്ടുമുണ്ട്.

(സി) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും പരിപോഷണത്തിനും വേണ്ടി തന്നാണ്ടിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു :

LIBRARY ARCHIVES Kerala Legislative Assembly